# കേരള ചുമട്ടു തൊഴിലാളി ക്ഷേമ ബോർഡ്

തീയതി: 25.10.2021

നം: G4-3786/2020

## സർക്കുലർ നം 29/2021-22

വിഷയം:- കേരള ചുമട്ട് തൊഴിലാളി ക്ഷേമ ബോർഡ് - സാമൂഹ്യ സുരക്ഷാ പെൻഷൻ പുനഃസ്ഥാപിച്ച് നൽകുന്നത് സംബന്ധിച്ച്

സൂചന:- 1. കേരള സർക്കാർ ധനകാര്യ (എസ്.എഫ്.സി-ബി) വകുപ്പ് – സർക്കുലർ നം 62/2021/ധന തീയതി 02.08.2021

2. കേരള സർക്കാർ ധനകാര്യ (എസ്.എഫ്.സി-ബി) വകുപ്പ് – സർക്കുലർ നം 92/2021/ധന തീയതി 20.10.2021

സൂചന (1) പ്രകാരം സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്തൃ ലിസ്റ്റിൽ നിന്നും വിവിധ കാരണങ്ങളാൽ ഒഴിവാക്കപ്പെട്ടവരുടെ പെൻഷൻ പുനഃസ്ഥാപിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. സാമൂഹ്യ സുരക്ഷാ പെൻഷൻ വാങ്ങി വന്നിരുന്ന ക്ഷേമനിധി ബോർഡ് പെൻഷൻ ഗുണഭോക്താക്കൾക്ക് ക്ഷേമനിധി ബോർഡ് പെൻഷൻ സസ്പെൻഡ് ചെയ്തതിനു ശേഷം സാമൂഹ്യ സുരക്ഷാ പെൻഷൻ പുനഃസ്ഥാപിച്ചു നൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നിരവധി നിവേദനങ്ങൾ സർക്കാരിന് ലഭിക്കുകയുണ്ടായി.

സൂചന (2) പ്രകാരം ഒരാൾക്ക് ക്ഷേമനിധി ബോർഡ് പെൻഷൻ അനുവദിക്കുന്നതിന് മുൻപ് ടിയാൾ സാമൂഹ്യ സുരക്ഷാ പെൻഷൻ വാങ്ങുന്നില്ല എന്ന് ഉറപ്പു വരുത്തേണ്ടതും. ഒരിക്കൽ സാമൂഹ്യ സുരക്ഷാ പെൻഷൻ ഒഴിവാക്കി ക്ഷേമനിധി ബോർഡ് പെൻഷൻ സ്വീകരിക്കുന്നവർക്ക് പിന്നീട് സാമൂഹ്യ സുരക്ഷാ പെൻഷൻ പുനഃസ്ഥാപിക്കുന്നതല്ല എന്നും സർക്കാരിൽ നിന്നും നിർദ്ദേശം ലഭിച്ച സാഹചര്യത്തിൽ ആയത് കേരള ചുമട്ട് തൊഴിലാളി ക്ഷേമ ബോർഡ് സ്കാറ്റേർഡ് വിഭാഗം തൊഴിലാളികൾക്കും ബാധകമാക്കിയിരിക്കുന്നു.

ഒപ്പ്
ചീഫ് എക്സിക്യൂട്ടീവ്

സ്വീകർത്താവ്

എല്ലാ ജില്ലാ കമ്മിറ്റി ചെയർമാൻമാർ

പകർപ്പ്:

1. ഫിനാൻസ് ഓഫീസർ/സെക്രട്ടറി
2. അക്കൗണ്ട്സ് ഓഫീസർ/ ജൂനിയർ സൂപ്രണ്ട്
3. സ്റ്റോക്ക് ഫയൽ

//ഉത്തരവിൻ പ്രകാരം //

ജൂനിയർ സൂപ്രണ്ട്